MONDAY 22.01.2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/01/2024

1. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക

2. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫാമിൽ അപേക്ഷയും, ആധാർ, കരം അടച്ച രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. പീച്ചി അഡാക്ക് സർക്കാർ ഫിഷ് സീഡ് ഹാച്ചറിയിൽ കാർപ്പ്, ആസാംവാള, വരാൽ, അനാബാസ്, കരിമീൻ, ഗിഫ്റ്റ് തിലാപ്പിയ തുടങ്ങിയ ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ 0487-2960205, 8848887143 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. കേരള വെറ്ററിനറി സർവ്വകലാശാലയുടെ പൂക്കോട് ലൈവ്സ്റ്റോക്ക് ഫാമിൽ നല്ലസങ്കരയിനം നേപ്പിയർ പുല്ല് കിലോയ്ക്ക് 3.50 രൂപ നിരക്കിൽ ലഭ്യമാണ്. താല്പര്യമുള്ള കർഷകർ 9562168273, 9495302129 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടി

5. തിരുവനന്തപുരം ജില്ലയിലെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 25 മുതൽ ഫെബ്രുവരി 06 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി **"ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി"** ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. താൽപര്യമുള്ളവർ ജനുവരി 24-ാം തീയതി വൈകിട്ട് 5 മണിയ്ക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. വിശദ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് നടത്തുന്ന പരിശീലനകേന്ദ്രത്തിൽ ജനുവരി 25ന് പോത്തുകുട്ടി വളർത്തലിലും ജനുവരി 29ന് മുയൽ വളർത്തലിലും പരിശീലനം നൽകുന്നു. 8590798131 എന്ന നമ്പറിൽ വാട്സാപ്പ് മുഖേന രജിസ്റ്റർ ചെയ്യാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. താൽപര്യമുള്ളവർ സെൻട്രൽ ഹാച്ചറിയുടെ പരിശീലന വിഭാഗവുമായി 0479 2457778, 0479 2452277 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.